നിയമസഭാനടപടികൾ

അഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

1979 മാർച്ച് 23, വെള്ളി

വാല്യം XLVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 26

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭ 1979 മാർച്ച് 23-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30 ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽകൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

കർഷകത്തൊഴിലാളി നിയമത്തിലെ അപാകതകൾ

* 596 [636] ശ്രീ. എം.കെ. കേശവൻ:
,, കണിയാപുരം രാമചന്ദ്രൻ:
,, വി.കെ. രാജൻ:
,, കെ.ടി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകത്തൊഴിലാളി നിയമത്തിലെ അപാകതകൾ നിയമം മൂലം പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഏതെങ്കിലും കർഷകത്തൊഴിലാളി സംഘടനകൾ ഗവൺമെന്റിനു നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിലെ ആവശ്യങ്ങൾ എന്തെല്ലാം;

(സി) അതിൻമേൽ ഗവൺമെന്റ് എന്തെല്ലാം നടപടി സ്വീകരിച്ചു?

തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. എം. കെ. രാഘവൻ):

(എ) ചില കർഷകത്തൊഴിലാളി സംഘടനകൾ നിവേദനം സമർപ്പിച്ചിട്ടുണ്ട്.

(ബി) കർഷകത്തൊഴിലാളി നിയമം ലംഘിച്ചുകൊണ്ട് എല്ലാ കർഷകർക്കും ബാധകമാക്കുക, അന്യായമായി പിരിച്ചുവിട്ട തൊഴിലാളികൾക്കും തൊഴിൽ നിഷേധിക്കപ്പെട്ട തൊഴിലാളികൾക്കും തൊഴിൽ നഷ്ടപ്പെട്ട കാലത്തേക്ക് നഷ്ടപരിഹാരം നൽകുക, കാർഷിക ട്രൈബ്യൂണലുകളിൽ ലേബർ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥൻമാരെ നിയമിക്കുക, അഭിഭാഷകർ അനുരഞ്ജന സമ്മേളനങ്ങളിലും കാർഷിക ട്രൈബ്യൂണലുകളിലും മുൻപാകെ ഹാജരാകുന്നത് തടയുക മുതലായവയാണ് ഏറ്റവും പ്രധാനപ്പെട്ട ആവശ്യങ്ങൾ.

(സി) കർഷകത്തൊഴിലാളി നിയമത്തിലും ചട്ടത്തിലും ഭേദഗതി വരുത്തുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് പരിശോധിച്ച് പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. വി.കെ. രാജൻ: തൊഴിലാളികൾക്കെതിരായി കോടതിയിൽ നിന്നു ഇഞ്ചംഗ്ഷൻ വാങ്ങിക്കൊണ്ട് തൊഴിൽ നിഷേധിക്കുന്ന നടപടി സാർവ്വത്രികമായി കാണുന്നുണ്ട്. അതു പരിഹരിക്കാൻ സത്വരമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എം. കെ. രാഘവൻ: ഇപ്പോൾ ഈ നിയമത്തിന്റെ കാര്യത്തിൽ കോടതി ഇടപെടുന്നത് അങ്ങനെ തടഞ്ഞിട്ടില്ല. അങ്ങനെ കോടതി ഇടപെടൽ ഇല്ലാതാക്കുന്നതിനുവേണ്ടി നിയമത്തിൽ അൽപ്പം ഭേദഗതി വരുത്താൻ ശ്രമിക്കുന്നുണ്ട്.

ശ്രീ. വി.കെ. രാജൻ: ഈ നിയമം പ്രായോഗികമായി നടപ്പാക്കാൻ ശ്രമിച്ചപ്പോൾ ഭൂരിപക്ഷം വരുന്ന തൊഴിലാളികൾക്കും ദോഷകരമായ സ്ഥിതിവിശേഷം ഉണ്ടാകുന്നുവെന്നുള്ളതിനെ പരിഗണിച്ച് മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടതുപോലെ നടപടികൾ എത്രയും വേഗം സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. എം.കെ. രാഘവൻ: ചില നടപടികൾ ഇപ്പോൾ എടുത്തു കഴിഞ്ഞിരിക്കുകയാണ്. കൂടുതൽ നടപടികൾ തുടർന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. ടി. കുമാരൻ: കൺസിലിയേഷൻ കോൺഫറൻസുകളുടെയും കാർഷിക തൊഴിൽത്തർക്കകോടതികളുടെയും മുൻപിൽ വരുന്ന കേസുകളിൽ വളരെയേറെ താമസം വരുന്നുണ്ടെന്നുള്ളതു മനസ്സിലാക്കി അടിയന്തിരമായി ഈ കേസുകൾ തീർക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. എം. കെ. രാഘവൻ: അത് ഗവൺമെന്റിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ട്. നീതി നിർവ്വഹണത്തിന് താമസമുണ്ടാകുന്നുണ്ട് എന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ശ്രീ. കെ. ടി. കുമാരൻ: കാർഷികത്തൊഴിലാളി സ്ത്രീകൾക്ക് പ്രസവകാല വേതനം, വിശേഷാൽ അവധി ശമ്പളം തുടങ്ങിയവ നൽകുന്നതിന് നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് തയ്യാറാകുമോ?

ശ്രീ. എം.കെ. രാഘവൻ: അത് തൽക്കാലം ആലോചനയിൽ ഇല്ലാത്ത ഒരു കാര്യമാണ്. അത് ആലോചിക്കേണ്ട കാലമായോ എന്നു കൂടി ആലോചിക്കേണ്ടതാണ്.

ശ്രീ. പി. ശങ്കർ: ഈ നിയമത്തിന്റെ അപാകതകളെപ്പറ്റി കഴിഞ്ഞ മൂന്നു വർഷമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ഫെബ്രുവരി

LIBRARY ARCHIVES Kerala Legislative Assembly

14.3 തീയതി വിളിച്ചുകൂട്ടിയ കോൺഫറൻസിൽ വിവിധ യൂണിയനുകൾ ഉന്നയിച്ച ഭേദഗതികളെ സംബന്ധിച്ച് ലേബർ ഡിപ്പാർട്ടുമെൻറ് ഗവൺമെൻറിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതുവരെ അതേ സംബന്ധിച്ച തീരുമാനങ്ങളോ ഭേദഗതി വരുത്തിയ നിയമങ്ങളോ ഒന്നും കണ്ടിട്ടില്ല. അതുകൊണ്ട് എടുത്തു ചോദിക്കുകയാണ് എന്നേക്ക് ഇത് ആകും?

ശ്രീ. എം.കെ. രാഘവൻ: കൃത്യമായ ദിവസം ഇപ്പോൾ പറയാൻ കഴിയുകയില്ല. പലരും ധരിക്കുന്നതുപോലെ നിമിഷനേരങ്കൊണ്ടു വാർത്തെടുക്കാവുന്ന ഭേദഗതിയാണെന്നു തോന്നുന്നില്ല. ഇതിൻെറ കോട്ടവും കുറവുകളും ഇല്ലാതാക്കി ഫുൾ പ്രൂഫായി കൊണ്ടുവരണമെന്നുള്ളതുകൊണ്ടാണ് സമയം എടുക്കുന്നത്. അതുകൊണ്ടാണ് താമസം നേരിടുന്നത്.

ശ്രീ. സേവ്യർ അറയ്ക്കൽ: ഈ നിയമത്തിലെ അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ചെറുകിട കർഷകർ എന്തെങ്കിലും നിവേദനം നൽകിയിട്ടുണ്ടോ? നൽകിയിട്ടുണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി എടുത്തിട്ടുണ്ടെന്നു പറയാമോ?

ശ്രീ. എം. കെ. രാഘവൻ: ആദ്യത്തെ ചോദ്യത്തിന് അതാണ് മറുപടി നൽകിയത്, കർഷകസംഘങ്ങൾ നിവേദനം നൽകിയിട്ടുണ്ടെന്ന്. അതിൻെറ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നടപടികൾ തുടർന്നുവരുന്നുണ്ട്. അപാകതകളല്ല, പോരായ്മകളാണ്. അപാകതകളെന്നും പോരായ്മകളെന്നും പറയുന്നതു തമ്മിൽ ചില വ്യത്യാസങ്ങളുണ്ട്.

ശ്രീ. ടി.കെ. രാമകൃഷ്ണൻ: നിയമം പാസ്സായി മൂന്നു വർഷമായിട്ടും അതിലെ ശുപാർശകളൊന്നും നടപ്പിലാക്കിയിട്ടില്ല എന്നുള്ളതല്ലേ വസ്തുത? അതിൻെറ ഫലമായി മിനിമംകൂലി ചോദിക്കുന്ന തൊഴിലാളികളെ പിരിച്ചുവിട്ടുകൊണ്ടിരിക്കുകയാണ്. പിരിച്ചു വിടാതിരിക്കാനുള്ള എർപ്പാടുകളെങ്കിലും അടിയന്തിരമായി ചെയ്യുമോ?

ശ്രീ. എം.കെ. രാഘവൻ: ഇത്രയും കാലം എടുത്തു എന്നുള്ളത് ശരിയാണ്. ആദ്യം ഞാൻ ചൂണ്ടിക്കാണിച്ചതുപോലെ ഒരു നിയമം എന്നുള്ള നിലയിൽ ഈ നിയമത്തിൽ വളരെയേറെ കുറവുകൾ ഉണ്ടായിട്ടുണ്ട്. ഇല്ലെന്നു ഞാൻ പറയുന്നില്ല. ആ കുറവുകൾ പരിഹരിക്കുന്നതിനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിനിടക്ക് പിരിച്ചു വിടുന്നതും ഉണ്ടാകുന്നുണ്ട്, ഇല്ലെന്നു പറയുന്നില്ല. അതിനു പരിഹാരമുണ്ടാക്കത്തക്കവിധത്തിൽ ഉള്ള നടപടികൾ ചിലതൊക്കെ ചെയ്യുന്നുണ്ട്. ഒന്നും നടന്നിട്ടില്ലെന്നു പറയുന്ന പ്രസ്താവന ശരിയല്ല. ഓരോ പഞ്ചായത്തിലും തൊഴിലാളികളുടെ രജിസ്റ്റർ സൂക്ഷിക്കുന്നതിനെ സംബന്ധിച്ചിടത്തോളം അന്നു കൊടുത്തിരുന്ന അപേക്ഷകളെല്ലാം പഞ്ചായത്താഫീസുകളിൽ വെറുതേ കെട്ടിവച്ചിരുന്നത് പുസ്തകത്തിലാക്കി, രജിസ്റ്ററിൻെറ ഫോമിലാക്കി വയസ്, ജോലി, സ്ഥലം ഇവ കൃത്യമായി ചേർക്കുന്നതിനുള്ള നടപടികൾ തുടർന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. ടി.കെ. രാമകൃഷ്ണൻ: പുസ്തകത്തിൽ അപേക്ഷ ചേർക്കൽ മാത്രമല്ല, ഈ അപേക്ഷപ്രകാരം ഇരുകൂട്ടരേയും വിളിച്ച് തെളിവെടുത്ത് ഈ തൊഴിലാളി ഇന്നയാളുടെ കീഴിൽ പണിയെടുക്കുന്നു എന്നു സർട്ടിഫിക്കറ് ഉണ്ടാക്കാനുള്ള വല്ല നടപടിയും എടുത്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.കെ. രാഘവൻ: അതിന്റെ ആദ്യപടിയാണ് പറഞ്ഞത്, തുണ്ടുകടലാസിൽ ഇരിക്കുന്നതിനുപകരം രജിസ്റ്ററിലാക്കി അതിനെ ത്തുടർന്ന് രജിസ്ട്രേഷൻ നടത്താനും സർട്ടിഫിക്കറ്റ് കൊടുക്കാനുമുള്ള നടപടികളും എടുക്കാൻ തുടങ്ങിയിരിക്കുന്നു.

ശ്രീ. കെ.ജെ. ചാക്കോ: ഈ നിയമത്തിലെ 8-ാം വകുപ്പ് പ്രോവി ഡൻറുഫണ്ടിനെ സംബന്ധിച്ചാണ്. പ്രോവിഡൻറു ഫണ്ടനുസരിച്ചാ ണെങ്കിൽ കൊയ്ത്തിന് വേതനമായി നൽകുന്ന നെല്ല് പ്രോവിഡൻറു ഫണ്ടിന് പിരിക്കണമെന്നു നിയമമുണ്ട്. അതു പ്രായോഗികമായി നടപ്പാക്കാൻ ബുദ്ധിമുട്ടാണെന്നുള്ളത് പരിഗണിച്ച് അതു നടപ്പാക്കാ തിരിക്കാനുള്ള നിർദ്ദേശം നൽകുമോ?

ശ്രീ. എം.കെ. രാഘവൻ: പ്രോവിഡൻറു ഫണ്ടിന്റെ സങ്കീർണ്ണ തയെക്കുറിച്ച് അന്വേഷിച്ച് വിവരം തരുന്നതിന് ഒരു ആഫീസറെ നിയമിച്ചിരുന്നു. അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ ചില ബുദ്ധിമുട്ടുകളും പറഞ്ഞിട്ടുണ്ട്. പതം കൊടുക്കുമ്പോൾ അതിന്റെ കൺവർട്ടഡ് പ്രൈസ് ഉണ്ടായിരിക്കണമെന്നും അതിന്റെ അടിസ്ഥാനത്തിലായി രിക്കണം പ്രോവിഡൻറു ഫണ്ടിന്റെ കോൺട്രിബ്യൂഷൻ കളക്ട് ചെയ്യേണ്ടതെന്നും ഇതു ചെയ്യുമ്പോൾ ഭൂഉടമസ്ഥൻമാർ പിടിച്ചിരുന്നാൽ അതു മറ്റു ചില നിയമങ്ങൾക്ക് വിരുദ്ധമായിത്തീരുമെന്നുമുള്ള റിപ്പോർട്ട് തന്നിട്ടുണ്ട്. അതു മറികടക്കുന്നതിനുവേണ്ടി സമർത്ഥമായ ക്ലാസ് ഉൾക്കൊള്ളിച്ചുവേണം ഇതു ചെയ്യേണ്ടതെ് എന്നാണ് വിചാരി ക്കുന്നത്. അതുകൊണ്ട് ഇതിന്റെ ആത്മാർത്ഥതയെ ചോദ്യം ചെയ്യേണ്ട കാര്യമുണ്ടോ എന്നു ഞാൻ സംശയിക്കുകയാണ്.

ശ്രീ. പി. ബാലൻ: കൃഷിജോലി പെട്ടെന്നു തീർക്കുന്നതിന് പുറമേനിന്നു തൊഴിലാളികളെ വിളിക്കാമെന്ന വ്യവസ്ഥ ചെയ്തിരിക്കേ ഭൂഉടമകളും അതിനെ ദുരുപയോഗപ്പെടുത്തി തമിഴുനാട്ടിൽനിന്നും മറ്റും തൊഴിലാളികളെ ഇറക്കുമതി ചെയ്തു സ്ഥിരം ജോലി ചെയ്യുന്ന തൊഴി ലാളികൾക്ക് ജോലി നിഷേധിക്കുന്നതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിനെതിരായ നടപടി സ്വീകരിക്കുമോ?

ശ്രീ. എം.കെ. രാഘവൻ: അതു പ്രത്യേകമായി ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ടോ എന്നു ഇപ്പോൾ അറിയുകയില്ല.

ശ്രീ. എം.കെ. കൃഷ്ണൻ: ഈ നിയമത്തിലെ അപാകതകളെ ക്കുറിച്ചും അതിനു വരുത്തേണ്ട മാറ്റങ്ങളെപ്പറ്റിയും ഈ നിയമസഭയിലെ സബോർഡിനേറ്റ് ലജിസ്ലേഷൻ കമ്മിറ്റി 1976-ൽ ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി നടത്താൻ എന്താണ് ബുദ്ധിമുട്ടെന്നു പറയാമോ?

ശ്രീ. എം. കെ. രാഘവൻ: എന്നു ചോദിച്ചാൽ വളരെ ബുദ്ധി മുട്ടുണ്ട്. ഇതു പ്രയോഗത്തിൽ വരുത്താൻ നിയമം കൊണ്ടുവരുന്നതി നുള്ള ബുദ്ധിമുട്ടാണ് പറഞ്ഞത്. അതിനു സമയം എടുക്കുന്നു എന്നാണ് പറഞ്ഞത്, അസാദ്ധ്യമാണെന്നു പറഞ്ഞില്ല. അൽപ്പം സമയംകൂടി വേണം, ആ സമയം ഉപയോഗിച്ച് ചെയ്യാം. ചെയ്യുകയി ല്ലെന്നു പറയുന്നില്ല. ഈ ശുപാർശകളും കണക്കിലെടുത്തുകൊണ്ട് ആവശ്യമായ വ്യവസ്ഥകളും എഴുതിയുണ്ടാക്കി പാസ്സാക്കിയെടുക്കുന്ന തിനാണ് ശ്രമിക്കുന്നത്. അതിനു അൽപ്പംകൂടി സമയം തരണം.

ശ്രീ. പി.കെ. ശ്രീനിവാസൻ: ലേബർ ഉദ്യോഗസ്ഥൻമാർ വിളിച്ചു കൂട്ടുന്ന കൺസിലിയേഷൻ കോൺഫറൻസുകളിൽ ഭൂവുടമകളുടെ

LIBRARY ARCHIVES Kerala Legislative Assembly

പ്രതിനിധികളും മിക്കവാറും പങ്കെടുക്കുന്നില്ല. വ്യവസായത്തൊഴിലാളികളെപ്പോലെ കൂട്ടായി സമ്മർദ്ദം ചെലുത്താൻ കഴിവില്ലാത്തതുകൊണ്ടാണ് അവർ ഈ കോൺഫറൻസുകളിൽ പങ്കെടുക്കാത്തത്. അതുകൊണ്ട് കർശനമായി ഈ കൺസിലിയേഷൻ കോൺഫറൻസുകളിൽ ഇവരെ പങ്കെടുപ്പിക്കുന്നതിനെ സംബന്ധിച്ചും പങ്കെടുക്കാതിരുന്നാൽ അതിനു നടപടി എടുക്കുന്നതിനെ സംബന്ധിച്ചും ഗവൺമെന്റ് സത്വരമായി ആലോചിക്കുമോ?

ശ്രീ. എം.കെ. രാഘവൻ: സത്വരമായോ കുറച്ചു സമയമെടുത്തോ ആലോചിക്കാം. പുതിയ തൊഴിലുടമകളാണ്. അഗ്രിക്കൾച്ചറൽ വർക്കേഴ്സ് നിയമത്തിന്റെ അടിസ്ഥാനത്തിൽ പഴക്കമുള്ള തൊഴിലുടമകളല്ല പുതുടമകൾ. പുതുടമകൾക്ക് ഇതു പുത്തരിയാണ്. ഇത് തൊഴിൽ നിയമത്തിന് വിധേയമാക്കുന്നതിന് കുറച്ചു സമയമെടുക്കും. അതിനു പ്രേരണ ശക്തിയായി നൽകേണ്ടത് അവിടെയുള്ള സംഘടിതരായ തൊഴിലാളി വർഗ്ഗമായിരിക്കണം. അത് വേണ്ടത്ര ഉണ്ടായിട്ടില്ല. അതുകൊണ്ടാണ് ബുദ്ധിമുട്ടുണ്ടാവുന്നത്.

ശ്രീ. എ. എൻ. യൂസഫ്: തൊഴിൽ കുഴപ്പങ്ങൾ സാധാരണയായി നീണ്ടുപോകുന്ന സ്ഥിതിയാണുള്ളത്. വേണ്ടത്ര ലേബർ ഉദ്യോഗസ്ഥൻമാരായ ആളുകൾ ഇല്ല. അതുകൊണ്ട് ഒരു കൊയ്ത്തിൽ ഒരു തർക്കം വന്നാൽ അടുത്തകൊയ്ത്തുവരെ തർക്കം തീരാത്തതുകൊണ്ട് തൊഴിലാളികൾക്ക് ജോലിയും ലഭിക്കുന്നില്ല. അതുകൊണ്ട് വേണ്ടത്ര ലേബർ ഉദ്യോഗസ്ഥൻമാരെയോ കഴിയുന്നത്ര വേഗം തർക്കങ്ങൾ തീർക്കാനുള്ള ആർബിട്രേഷൻ ബോർഡോ ഉണ്ടാക്കി തർക്കങ്ങൾ വേഗം തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എം.കെ. രാഘവൻ: തൊഴിൽപ്രശ്നം തീർക്കുന്നതിന് ഉദ്യോഗസ്ഥൻമാരുടെ പോരായ്മയുണ്ടെങ്കിൽ അതു പരിശോധിക്കാം.

ശ്രീ. സി.എം. സുന്ദരം: മിച്ചഭൂമിയായി ഡിക്ലയർ ചെയ്യുന്ന കാലംവരെ സ്ഥിരം തൊഴിലാളികളായി പണിയെടുത്തിരുന്ന തൊഴിലാളികളെ മിച്ചഭൂമിയായി ഡിക്ലയർ ചെയ്യുമ്പോൾ ജില്ലാ കളക്ടർ മാറിനിറുത്തുന്നത് നിയമവിധേയമാണോ?

ശ്രീ. എം.കെ. രാഘവൻ: നിയമം പരിശോധിച്ചു പറയാം.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: ചെറുകിട കർഷകരെ സംബന്ധിച്ചിടത്തോളം അവർക്ക് ഏറ്റവും പ്രയാസകരമായിട്ടുള്ളത് അവരുടെയെല്ലാം അറൻറൻസ് രജിസ്റ്ററും മറ്റും സൂക്ഷിക്കുന്ന ക്ലറിക്കൽ ജോബാണ്. ചില ആളുകൾ ശരിയായി ഇതൊന്നും സൂക്ഷിച്ചിട്ടില്ല എന്നു പറഞ്ഞ് കോടതി ശിക്ഷിച്ചിട്ടുണ്ട്. തുക കൊടുക്കുന്നതിന് അവർക്കു ബുദ്ധിമുട്ടില്ല. രേഖ തയ്യാറാക്കുന്നതിന് ബുദ്ധിമുട്ടുണ്ട്; അതു കുറയ്ക്കുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. എം.കെ. രാഘവൻ: രേഖ കുറവാക്കിയാൽ നിയമം ഇല്ല എന്നാണ് അർത്ഥം. നിയമം നടപ്പിലാക്കുമ്പോൾ രേഖ ആവശ്യമാണ്. തൊഴിലാളികൾക്ക് തൊഴിൽ കൊടുക്കുന്നതോടൊപ്പം അൽപ്പം ക്ലറിക്കൽ ജോബും ചെയ്യാൻ അവർക്കു വിരോധമില്ലെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. രേഖ തയ്യാറാക്കുന്നതിൽനിന്നും അവർക്ക് വിമോചനം കൊടുക്കേണ്ട ആവശ്യമില്ല. ഇത്രയും ചെറിയ ക്ലറിക്കൽ ജോബ് ചെറുകിട കൃഷിക്കാരനും ചെയ്യാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: കൃഷി ഡിപ്പാർട്ടുമെൻറിൽ നിന്നു നടത്തുന്ന ഗവൺമെൻറുടമയിലുള്ള ഫാമുകളിൽ ലേബർ ഡിപ്പാർട്ടുമെൻറിൽനിന്ന് നോട്ടീസുകളയച്ചാൽ സംബന്ധിക്കാതിരിക്കുകയെന്നത് ഒരു സ്ഥിരം ഏർപ്പാടായി മാറിയിട്ടുണ്ട്. ഇതു മനസ്സിലാക്കി കൃഷി ഡിപ്പാർട്ടുമെൻറിൽനിന്നുള്ള ഉദ്യോഗസ്ഥൻമാരോ ഉത്തരവാദപ്പെട്ട ഫാം സൂപ്രണ്ടുമാരോ കൺസിലിയേഷൻ കോൺഫറൻസിൽ നിർബന്ധമായി സംബന്ധിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുമോ?

ശ്രീ. എം.കെ. രാഘവൻ: സ്ഥിരം ഏർപ്പാടുണ്ടോയെന്നറിവില്ല. എങ്കിൽത്തന്നെയും പലപ്പോഴും ഇത്തരം ഉദ്യോഗസ്ഥൻമാർ അവരുടെ protocol ഒക്കെ നോക്കി സംബന്ധിക്കാതിരിക്കുന്നുണ്ടെന്നുള്ള വസ്തുത മനസ്സിലാക്കി നിർബന്ധമായും ഇത്തരം കൺസിലിയേഷനിൽ സംബന്ധിക്കണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ഖാദി ഗ്രാമ വ്യവസായബോർഡിൻെറ തൊഴിൽ ദാന പദ്ധതി

* 597 [637] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി ഗ്രാമവ്യവസായബോർഡിൻെറ ലക്ഷം പേർക്ക് തൊഴിൽ നൽകുന്ന പദ്ധതിക്ക് ഗവൺമെൻറ് അംഗീകാരം നൽകിയോ;

(ബി) ഈ പദ്ധതിയുടെ വിശദവിവരങ്ങൾ പറയാമോ;

(സി) ''ഓരോ പഞ്ചായത്തിലും ഓരോ പദ്ധതി'' എന്ന തത്വം നടപ്പാക്കണമെന്ന് ഖാദി ബോർഡിന് ഗവൺമെൻറിൽനിന്ന് നിർദ്ദേശം നൽകുമോ?

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): (എ) നൽകി.

(ബി) 1978.79.ൽ ആരംഭിച്ച് മൂന്നുകൊല്ലക്കാലംകൊണ്ട് ഓരോ പഞ്ചായത്തിലും നൂറുപേർക്കു വീതം വിവിധ ഖാദി ഗ്രാമവ്യവസായങ്ങൾവഴി ഒരു ലക്ഷം പേർക്ക് തൊഴിൽ നൽകുന്നതിനുള്ള ഒരു പദ്ധതിയാണിത്.

(സി) ഖാദി ഗ്രാമവ്യവസായങ്ങൾ മുഖേന ഓരോ പഞ്ചായത്തിലും നൂറുപേർക്കുവീതം തൊഴിൽ നൽകുവാൻ പദ്ധതി വിഭാവനം ചെയ്യുന്നതുകൊണ്ട് പ്രത്യേകം നിർദ്ദേശം ആവശ്യമില്ല.

ശ്രീ. ലോനപ്പൻ നമ്പാടൻ: ഖാദി ഗ്രാമ വ്യവസായ ബോർഡിൻെറ കീഴിൽ ലക്ഷക്കണക്കിന് ഉറുപ്പിക ചെലവുചെയ്ത് പുതുക്കാട് പഞ്ചായത്തിൽ പണികഴിപ്പിച്ചിട്ടുള്ള ചെങ്ങന്നൂർ പേപ്പർമില്ലിൻെറ പ്രവർത്തനം ഇലക്ട്രിസിറ്റി കണക്ഷൻ ഇല്ലാത്തതുകൊണ്ടുമാത്രം ആരംഭിക്കാതിരിക്കുന്നു എന്നുള്ളതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ പേപ്പർ മില്ലിൽ എത്രയും വേഗം ഇലക്ട്രിസിറ്റി കണക്ഷൻ കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: അതേപ്പറ്റി അറിവില്ല. പ്രത്യേകം ചോദ്യം ചോദിക്കണം.

LIBRARY ARCHIVES Kerala Legislative Assembly